ഉത്തരം

(എ) ഉണ്ട്.

(ബി&സി) നദികളുടെയും കായലുകളുടെയും സംരക്ഷണം ലക്ഷ്യമിട്ട് 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്-2003' ഭേദഗതി വരുത്തി 'സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് 27-4-2011-ന് പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തിലെ തണ്ണീർ തടങ്ങളുടെ പരിപാലനത്തിനായി പരിസ്ഥിതിയുടെ ചുമതലയുള്ള മന്ത്രി അദ്ധ്യക്ഷനായി 25-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 08/2015/Envt. പ്രകാരം കേരള തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി&ഇ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം നദികളിൽ നിന്നും കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി വെള്ളം എടുക്കുന്നതിന് ഒരു ഫീസും ഈടാക്കുന്നില്ല. എന്നാൽ 5HP യും അതിനുമുകളിലുള്ള പമ്പ് ഉപയോഗിച്ച് കൃഷിയേതര ആവശ്യങ്ങൾക്ക് സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ നദിയിൽ നിന്നും വെള്ളം എടുക്കുന്നതിന് സർക്കാർ നിശ്ചയിച്ച തുക ഈടാക്കുന്നുണ്ട്.

വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം

90 (2909) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) വികസന പദ്ധതികളിൽ വളരെവേഗം തീരുമാനം എടുക്കുവാനും പദ്ധതികളുടെ പുരോഗതി തൽസമയം അറിയുവാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സംവിധാനം ഭരണതലത്തിൽ മന്ത്രിമാർക്കും സെക്രട്ടറിമാർക്കും എത്രമാത്രം പ്രയോജനപ്രദമാകും എന്നാണ് കരുതുന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ആക്ഷൻ പോർട്ടൽ നിലവിൽ വന്നതോടുകൂടി എല്ലാ പ്രധാന പദ്ധതികളുടെയും തൽസ്ഥിതിയും പുരോഗതിയും ഒരു കേന്ദ്രീകൃത ഏക മാർഗ്ഗത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ എല്ലാ പ്രധാന പദ്ധതി കളുടെയും സ്ഥിതി മനസ്സിലാക്കുവാനും മുൻഗണനാക്രമം നിശ്ചയിച്ച് അവ നടപ്പിലാക്കുന്നതിനായി അതാത് വകുപ്പ് തലവന്മാർക്ക് നൽകുന്നതിനും സാധിക്കും. തീരുമാനമെടുക്കാത്ത പ്രധാന വിഷയങ്ങൾ കണ്ടെത്തി സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനും അംഗീകാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ കഴിയും. തടസ്സങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിച്ച് പദ്ധതികളുടെ നടത്തിപ്പിനുള്ള സമയപരിധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നു.

(സി&ഡി) മുഖ്യമന്ത്രി, മന്ത്രിമാർ, വകുപ്പ് സെക്രട്ടറി, വകുപ്പ് തലവന്മാർ എന്നിവർക്ക് ആക്ഷൻ പോർട്ടലിലൂടെ പദ്ധതികളുടെ നടത്തിപ്പ് ഓൺലൈനായി നിരീക്ഷിക്കുവാനും തടസ്സങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുവാനും സാധിക്കും. പദ്ധതികളുടെ പുരോഗതി എസ്.എം.എസ്., ഇ-മെയിൽ സംവിധാനങ്ങളുടെ സഹായത്തോടെ അപ്പപ്പോൾ ബന്ധപ്പെട്ടവർക്ക് അറിയാൻ സാധിക്കും. ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും എല്ലാ വകുപ്പുകളിലെയും പദ്ധതി കളുടെ നടത്തിപ്പ് സംബന്ധിച്ച വിവരം അറിയാൻ സാധിക്കും.

വകുപ്പ് സെക്രട്ടറിമാർക്കും മന്ത്രിമാർക്കും അവരവരുടെ വകുപ്പുകളിലെ പദ്ധതികളെ സംബന്ധിച്ച വിവരം അറിയാൻ സാധിക്കും. അപ്രകാരം പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിവരം ഓൺലൈനിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതിനാൽ പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ കണ്ടെത്തി അവ വേഗത്തിൽ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

മുന്നോക്ക വികസന കോർപ്പറേഷൻ

91 (2910) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നോക്ക വികസന കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്ത നങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly